**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 700** **10-02-2025 - ൽ മറുപടിയ്ക്ക്**

**പുരപ്പുറ സോളാർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . മുഹമ്മദ് മുഹസിൻ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | പുരപ്പുറ സോളാർ പദ്ധതി വ്യാപിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | പുരപ്പുറ സോളാർ പദ്ധതി വ്യാപിപ്പിക്കുവാനായി കെ. എസ്. ഇ. ബി. എൽ. 02.02.2025 വരെ സംസ്ഥാനത്ത് 1,010 ഡെവലപ്പർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പുതിയ ഡെവലപ്പർമാർ പദ്ധതിയിൽ ഉൾപ്പെടുന്നതിനു വേണ്ടി, അപ്പ്ലൈ ചെയ്യുന്നതിനനുസരിച്ച്, നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് പട്ടികയിൽ ഉൾപ്പെടുത്തുന്ന നടപടികൾ പുരോഗമിക്കുന്നു. പദ്ധതി നടത്തിപ്പിൽ ഉൾപ്പെട്ടിട്ടുള്ള സെക്ഷൻ ഓഫീസ് അസിസ്റ്റന്റ് എൻജിനീയർമാരുടെയും ഡെവലപ്പർമാരുടെയും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നാഷണൽ പവർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് പരിശീലനം നൽകി വരുന്നു. കൂടാതെ ഇപ്പോൾ കൺസ്യൂമേഴ്സിന് രജിസ്ട്രേഷൻ നടപടികൾ ലളിതമാക്കികൊണ്ടു MNRE രജിസ്ട്രേഷൻ പോർട്ടൽ 2.0 അവതരിപ്പിച്ചിട്ടുണ്ട്.<br><br>പുരപ്പുറ സോളാർ പദ്ധതി വ്യാപിപ്പിക്കാൻ അനെർട്ട് മുഖേന നടപ്പാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>സർക്കാർ/ പൊതുസ്ഥാപനങ്ങളിൽ സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവൃത്തിയായി അനെർട്ട് നടപ്പിലാക്കുന്നു.<br><br>റിന്യൂവബിൾ എനർജി സേവന ദാതാക്കൾ മുഖേന സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും, ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന പദ്ധതിയാണ് '**റെസ്കോ (RESCO) മോഡൽ**' പദ്ധതി. സർക്കാർ സ്ഥാപനങ്ങളിൽ അനെർട്ട് RESCO ആയി സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു. |

| | | | |
|---|---|---|---|
| | | | ഗാർഹിക സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന കേന്ദ്ര പദ്ധതി ആയ '**പി.എം. സൂര്യ ഘർ**' പ്രചരിപ്പിക്കുന്നു.<br><br>സർക്കാർ ഫണ്ട് ഉപയോഗിച്ച് സൗജന്യമായി ലൈഫ് മിഷൻ/ BPL/ പുനർഗേഹം വീടുകളിൽ 2 kW വീതം ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു. ഈ പദ്ധതിയുടെ ഭാഗമായി സൗജന്യമായി ഗുണഭോക്താക്കൾക്ക് ഇൻഡക്ഷൻ കുക്കറും നൽകുന്നു.<br><br>സ്മാർട്ട് സിറ്റിയുമായി സഹകരിച്ചുകൊണ്ട് തിരുവനന്തപുരം കോർപ്പറേഷനിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നു.<br><br>സോളാർ സ്ട്രീറ്റ് ലൈറ്റുകൾ ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പിലാക്കുന്നു.<br><br>പച്ചക്കറികൾ/പഴങ്ങൾ ഇവ കേടു കൂടാതെ സൂക്ഷിക്കുന്നതിന് സോളാർ കോൾഡ് സ്റ്റോറേജ് സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.<br><br>പട്ടികവർഗ്ഗ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റലുകളിൽ സോളാർ ഹൈബ്രിഡ്/ ഓഫ്ഗ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പിലാക്കുന്നു.<br><br>വിദൂര ആദിവാസി കോളനികളിൽ വിൻഡ്/സോളാർ ഹൈബ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്ക് നൽകിവരുന്ന സബ്സിഡി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) | ഇപ്പോൾ സംസ്ഥാനത്തു നടപ്പിലാക്കുന്ന പി. എം. സൂര്യ ഘർ പദ്ധതിയ്ക്ക് സബ്സിഡി നൽകുന്നത് കേന്ദ്ര നവ പുനരുപയോഗ ഊർജ്ജ മന്ത്രാലയമാണ്. പ്രസ്തുത പദ്ധതിയുടെ സബ്സിഡി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിവരങ്ങൾ ഒന്നും തന്നെ ലഭ്യമല്ല.<br><br>അനെർട്ടിന്റെ ഡെപ്പോസിറ്റ് പദ്ധതി പ്രകാരം സർക്കാർ കെട്ടിടങ്ങളിൽ സ്ഥാപിക്കുന്ന സൗരോർജ്ജ പ്ലാന്റുകൾക്ക് പ്രോജക്ട് തുകയുടെ 10 % വരെ ഇൻസെന്റീവ് നൽകി വരുന്നുണ്ട്. ഗാർഹിക മേഖലയിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാർ സബ്സിഡി മാത്രമാണ് നിലവിൽ ഉള്ളത്. |
| (സി) | പ്രസ്തുത പദ്ധതിയിൽ എത്ര ഉപഭോക്താക്കൾ പങ്കാളികളായിട്ടുണ്ട്; വിശദമാക്കാമോ; | (സി) | 02.02.2025 - ലെ കണക്കുകൾ പ്രകാരം 2,69,170 പേർ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യുകയും 1,09,678 പേർ ആപ്ലിക്കേഷൻ സബ്മിറ്റ് ചെയ്യുകയും, |

| | | | |
|---|---|---|---|
| | | | 65,920 പേർ സോളാർ പ്ലാന്റ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതിയ്ക്ക് നൽകിവരുന്ന സബ്സിഡി നിർത്തലാക്കുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, എങ്കിൽ ഇതുസംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്നതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ